പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1282

11/06/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, പുരുഷൻ കടലുണ്ടി<br>,, എസ്.രാജേന്ദ്രൻ<br>,, ഐ.ബി. സതീഷ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.<br><br>പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അക്കാദമികാന്തരീക്ഷം ആകർഷകമാക്കുകയും സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഹൈടെക് ക്ലാസ് മുറികൾ സജ്ജീകരിച്ചു. സ്കൂളുകളോടൊപ്പം ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ രൂപപ്പെടുത്തി. പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം പരിശീലിക്കാനും സദ്ഭാവങ്ങൾ വളർത്താനും ഇത് സഹായകമായി. സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ആശയഗ്രഹണം എളുപ്പത്തിലാക്കി മാറ്റി. പാഠ്യപദ്ധതിയിൽ ഇടപെടലുകൾ നടത്തുകയും പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. മൂല്യനിർണ്ണയം ശാസ്ത്രീയവും വിദ്യാർത്ഥി സൗഹൃദപരവുമാക്കി മാറ്റി.<br><br>വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതിക വിദ്യാ |

സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടൊപ്പം പഠന നിലവാരം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉണ്ട്. കഴിഞ്ഞ നാഷണൽ അച്ചീവ്മെന്റ് സ്റ്റഡി (എൻ.എ.എസ്) ൽ പല മേഖലകളിലും കേരളം മുന്നോട്ട് നിൽക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. ദേശീയ ശരാശരിക്കു മുകളിലുള്ള പ്രകടനമാണ് കേരളത്തിലെ കുട്ടികൾ കാഴ്ചവച്ചിട്ടുള്ളത്.

(സി) അന്തർ ദേശീയ നിലവാരമുള്ള ലാബുകൾ സ്കൂളുകളിൽ സജ്ജീകരിക്കുന്നതിനായി ഐഡിയൽ ലാബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) ഉണ്ട്. 2018-19 വർഷത്തിൽ RMSA (Rastriya Madhyamic Shiksha Abhiyan)യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ താഴപറയുന്ന 5 സ്കൂളുകളിൽ ഐഡിയൽ ലാബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ് കോട്ടായി, പാലക്കാട്.
2. ഐ.എം.എൻ ജി.എച്ച്.എസ് മയ്യിൽ കണ്ണൂർ.
3. ഡോ.എ.ജി.എച്ച്.എസ്.എസ് കോടോത്ത്, കാസർഗോഡ്.
4. ജി.എച്ച്.എസ്.എസ് ഹരിപ്പാട്, ആലപ്പുഴ.
5. ചാലക്കുടി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ.

Namitha T

**സെക്ഷൻ ഓഫീസർ**